**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3431** | **02-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ നൂതന വിവര സാങ്കേതിക വിദ്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | യുവ തലമുറ കർഷകർക്ക് കൃഷി സംബന്ധമായ അറിവുകളും നിർദേശങ്ങളും നൽകുന്നതിന് നൂതന വിവര സാങ്കേതിക വിദ്യകളായ മൊബൈൽ ആപ്ലിക്കേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ സാമ്പത്തിക സഹകരണത്തോടുകൂടി, കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുള്ള ഫാം എക്സ്റ്റൻഷൻ മാനേജർ (Farm Extension Manager) എന്ന മൊബൈൽ ആപ്പിലൂടെയും ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ കൃഷി വകുപ്പ് തയ്യാറാക്കിയ ക്രോപ്സ് (CROPSS) എന്ന മൊബൈൽ ആപ്പിലൂടെയും കൃഷി സംബന്ധമായ അറിവുകളും നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നതിനും കീടനിയന്ത്രണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കൃഷി ഓഫീസർമാരെ അറിയിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (ബി) | കൃഷി പാഠങ്ങൾ പുതുതലമുറയിലേക്ക് വേഗത്തിൽ എത്തിക്കുന്നതിന് നൂതന വിവര സാങ്കേതിക വിദ്യകൾ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുമെന്നും ഇതിനായി നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (ബി) | കൃഷി പാഠങ്ങൾ പുതുതലമുറയിലേക്ക് വേഗത്തിൽ എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തിരം നടത്തിവരുന്നു.<br><br>കൃഷി ഭവൻ അടിസ്ഥാനത്തിൽ തന്നെ കൃഷി സംബന്ധമായ വിവരങ്ങൾ, വാട്സാപ്പ് ഗ്രൂപ്പുകൾ മുഖാന്തിരം കൈമാറിവരുന്നു.<br><br>കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും ഫലപ്രദമായി തരംതിരിച്ച് ഉപയോഗിക്കുന്ന രീതിയിൽ ഒരു ഡിജിറ്റൽ മീഡിയ ലൈബ്രറി, വികസിപ്പിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ